നാൺടീച്ചിംഗ് സ്റ്റാഫിന്റെ ശമ്പളം.

* 1559. [20] ശ്രീ. ജോർജ്ജ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നാൺടീച്ചിംഗ് സ്റ്റാഫിൽപ്പെട്ട ക്ലാർക്കുമാർക്ക് ഗവണ്മെന്റ് നേരിട്ട് ശമ്പളം കൊടുക്കുന്ന പദ്ധതി നടപ്പിലായതിന്റെ ശേഷം ഏതെങ്കിലും സ്കൂളിലെ നാൺടീച്ചിംഗ് സ്റ്റാഫിന്റെ ശമ്പളം കൊടുക്കാതിരുന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉണ്ട്.

(ബി) നാൺ ടീച്ചിംഗ് സ്റ്റാഫിന്റെ ശമ്പളം സ്കൂളുകളിലെ അകൗണ്ടന്റ്മാരോടൊപ്പം പരിശോധിച്ച ശേഷമാണ് 1-9-58-ന് മുമ്പു രണ്ടു കൊല്ലക്കാലത്തേയ്ക്ക് കൊടുത്തുവന്നിരുന്നത്. അകൗണ്ടന്റ്മാരോടൊപ്പം ഹാജരാക്കാതിരിക്കുമ്പോൾ ശമ്പളം കൊടുക്കാതിരുന്നിട്ടുണ്ട്. സാധാരണയിൽ കവിഞ്ഞു സ്റ്റാഫ് സ്കൂളുകളിൽ ഉള്ളപ്പോഴും ചിലപ്പോൾ ശമ്പളം കൊടുക്കാൻ താമസിച്ചുപോയിട്ടുണ്ട്.

ശ്രീ. ജാഫ്ഫ് ജോസഫ് : ഗവണ്മെന്റ് ഗസറ്റ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഏകദേശം അഞ്ചു കൊല്ലത്തിൽ കൂടുതലായി ഇടമറ്റവരുന്ന കോട്ടയം ഡിസ്ട്രിക്ടിലെ സ്റ്റാഫിന് ശമ്പളം കിട്ടിയില്ലെന്നു ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എക്സസ് സ്റ്റാഫിന് ശമ്പളം കിട്ടാതെ വന്നിട്ടുണ്ടാകും. അതിനുള്ള ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞിരിക്കയാണ്. വളരെ താമസിയാതെ ശമ്പളം കൊടുക്കും.

ശ്രീ. പി. ടി. ചാക്കോ : അകൗണ്ടന്റ്മാരോടൊപ്പം ഹാജരാക്കേണ്ടതു് ആരാണ് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇപ്പോൾ മാനേജരായിരിക്കും.

ശ്രീ. പി. ടി. ചാക്കോ : മാനേജർ അകൗണ്ടന്റ്മാരോടൊപ്പം ഹാജരാക്കാത്തതുകൊണ്ട് സ്റ്റാഫിന് ശമ്പളം കൊടുക്കാത്തതു തെറ്റാണെന്നു വിചാരിക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ ശമ്പളം കൊടുക്കുന്നതിനു താമസിച്ചുപോയാൽ ചില പ്രതിവിധികളും ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ചു ശമ്പളം കൊടുക്കും.

ശ്രീ. പി. ടി. ചാക്കോ : മാനേജർ അകൗണ്ടന്റ്മാരോടൊപ്പം ഹാജരാക്കാത്തതുകൊണ്ട് എത്ര നാൺ ടീച്ചിംഗ് സ്റ്റാഫിന് ശമ്പളം കൊടുക്കാതിരുന്നിട്ടുണ്ട് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വേറൊരു ചോദ്യം അയച്ചാൽ അതിനുത്തരം പറയാം.

ശ്രീ. പി. ടി. ചാക്കോ : മാനേജർ റോളം ഹാജരാക്കിയില്ലെങ്കിൽ നാൺ ടീച്ചിംഗ് സ്റ്റാഫിന് ശമ്പളം വാങ്ങാനുള്ള മാർഗ്ഗം എന്താണ് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഡിപ്പാർട്ടുമെന്റിനു നേരിട്ട് ഇടപെട്ട് പ്രതിവിധി ചെയ്യാം.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ ഡിപ്പാർട്ടുമെന്റ് എത്ര പ്രതിവിധി ചെയ്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഡിപ്പാർട്ടുമെൻറ് ഓരോ കേസ്സിലും ആവശ്യമായ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. പി. ടി. ചാക്കോ : ആ നടപടികളുടെ ഫലമായി നാൻ ടീച്ചിംഗ് സ്റ്റാഫിൽ ആക്കിക്കിലും ശമ്പളം കൊടുപ്പിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അവർക്ക് ശമ്പളം കൊടുക്കാനുള്ള പരിപാടി അംഗീകരിച്ചിട്ടു കുറച്ചുനാളായിട്ടുള്ളൂ.

ശ്രീ. പി. ടി. ചാക്കോ : ഇന്നുവരെ അക്കപ്പിറൻസ് റോൾ മാനേജരന്മാർ ഹാജരാക്കിയിട്ടില്ലെന്നുള്ള കാരണത്താൽ ശമ്പളം കിട്ടാതിരിക്കുന്ന നാൻ ടീച്ചിംഗ് സ്റ്റാഫിനു താമസിയാതെ ശമ്പളം കിട്ടുന്നതിനു വേണ്ട നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഡിപ്പാർട്ടുമെൻറ് അതിനെപ്പറ്റി അന്വേഷിച്ചു വേണ്ട നടപടികൾ എടുക്കാൻ പോകുകയാണു്.

ശ്രീ. സി. കെ. നാരായണൻകുട്ടി. അക്കപ്പിറൻസ് റോൾ ഹാജരാക്കാത്ത മാനേജരന്മാരുടെപേരിൽ നടപടി എടുക്കാൻ തയ്യാറുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനിപ്പോൾ തയാറില്ല. നേരത്തേ എടുക്കേണ്ടതായിരുന്നു.

ശ്രീ. പി. ടി. ചാക്കോ : ആവശ്യത്തിലധികം സ്റ്റാഫുള്ളതുകൊണ്ടു് ശമ്പളം കൊടുക്കണ്ണില്ലെന്നു പറഞ്ഞു. അങ്ങനെ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിൻറെ കണക്കിനു വേറൊരു ചോദ്യം അയയ്ക്കണം.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ കുടുതൽ ഉള്ള ആളുകളുടെ ഭാവി യെന്താണു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അവരുടെ ഭാവിയെ സംബന്ധിച്ചു് ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്. അവർക്കു് മുമ്പു കിട്ടിക്കൊണ്ടിരുന്ന ശമ്പളം കൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

നാവികത്തൊഴിലാളികൾക്കു് നേരിട്ടിട്ടുള്ള വൈഷമ്യങ്ങൾ.

*1560. [21] ശ്രീ. ജി. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) തണ്ണീർമുക്കംബണ്ടുനിർമ്മാണം ആരംഭിച്ചതോടുകൂടി നാവികത്തൊഴിലാളികൾക്കു് നേരിട്ടിട്ടുള്ള വൈഷമ്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ എന്തു നടപടി എടുത്തു ;

(സി) മഴക്കാലം അടുത്തിരിക്കുന്നതുകൊണ്ടു് ആവശ്യമായ സംരക്ഷണ നടപടികളും ഉടനടി കൈക്കൊള്ളുവാൻ ദയവുണ്ടാകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) ബണ്ടിൻെറ നിർമ്മാണാനന്തരം നാവികത്തൊഴിലാളികൾക്കു നേരിട്ടിട്ടുള്ള വൈഷമ്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടു്.

(ബി) ബണ്ടിൻെറ പണി ഏകദേശം മുഴുവനാകുന്നതോടുകൂടി ബണ്ടിൻെറ അരുകു ചേർന്നു വള്ളങ്ങൾക്കു കടക്കാലിൻെറ സഹായത്തോടെ സഞ്ചരിക്കാൻ സാദ്ധ്യത വരുത്തിയിട്ടുണ്ടു്.

(സി) ആവശ്യമായ സംരക്ഷണ നടപടികൾ ഇനിയും ചെയ്തുവരുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly